70 (3536) ബാലവേല ചെയ്യുന്ന കുട്ടികളെ സംബന്ധിച്ച സർവ്വേ

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ബാലവേല ചെയ്യുന്ന കുട്ടികളുടെ സർവ്വേ സർക്കാർ നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര കുട്ടികൾ കേരളത്തിൽ ബാലവേല ചെയ്യുന്നുണ്ട്;

(സി) ബാലവേല നിർത്തലാക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ബഹു: സുപ്രീംകോടതിയുടെ 10.12.96-ലെ വിധിന്യായത്തിലെ നിർദ്ദേശപ്രകാരം 1997 മേയ്മാസത്തിൽ അപകടകരവും അല്ലാത്തതുമായ തൊഴിലുകളിൽ ഏർപ്പെട്ടിട്ടുള്ള ബാലതൊഴിലാളികളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനുള്ള സംസ്ഥാന വ്യാപകമായ ഒരു സർവ്വേ നടത്തിയിട്ടുണ്ട്.

(ബി) 1997 മേയ് മാസത്തിൽ ജില്ലാ കളക്ടർമാരുടെ മേൽനോട്ടത്തിൽ സംസ്ഥാന വ്യാപകമായി നടത്തിയ സർവ്വേ പ്രകാരം അപകടകരമായ തൊഴിലുകളിൽ 1081-ഉം അപകടകരമല്ലാത്ത തൊഴിലുകളിൽ 8986-ഉം ഉൾപ്പെടെ സംസ്ഥാനത്തൊട്ടാകെ 10067 ബാലതൊഴിലാളികൾ പണിയെടുക്കുന്നതായി കണക്കാക്കിയിരുന്നു.

(സി) ബാലവേല സംസ്ഥാനത്ത് സമ്പൂർണ്ണമായി നിരോധിക്കുന്ന കാര്യത്തിൽ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഈ ലക്ഷ്യപ്രാപ്തിക്കായി സർക്കാർ നിരവധി നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. 1986-ലെ ചൈൽഡ്‌ലേബർ (പ്രൊഹിബിഷൻ ആന്റ് റെഗുലേഷൻ) നിയമത്തിലെ വ്യവസ്ഥകൾ സംസ്ഥാനത്ത് കർശനമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. 10.12.96-ലെ ബഹു: സുപ്രീംകോടതി വിധിന്യായത്തിന്റെ വെളിച്ചത്തിൽ 1997 മേയ്മാസത്തിൽ സംസ്ഥാനത്തൊട്ടാകെ തൊഴിലെടുക്കുന്ന കുട്ടികളെ കണ്ടെത്തി അവരെ പുനരധിവസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി ജില്ലാതലത്തിൽ ജില്ലാകളക്ടർമാരുടെ അധ്യക്ഷതയിൽ ചൈൽഡ് ലേബർ റിഹാബിലിറ്റേഷൻ കം - വെൽഫെയർ സൊസൈറ്റികൾ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് എല്ലാ തൊഴിൽ മേഖലയിലും ബാലവേല സമ്പൂർണ്ണമായി നിരോധിക്കാനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു നിയമനിർമ്മാണം നടത്താനുള്ള നടപടികളും സർക്കാർ കൈക്കൊണ്ടുവരുന്നു. ഇവയ്ക്കെല്ലാംപുറമേ യൂണിസെഫ്, അന്തർദേശീയ തൊഴിൽസംഘടന എന്നിവയുടെ സഹകരണത്തോടെ ബാലവേലയ്ക്കെതിരായ ബോധവൽക്കരണപരിപാടികളും സർക്കാർ തലത്തിൽ നടപ്പിലാക്കിവരുന്നു.

71 (3537) കർഷകത്തൊഴിലാളികളുടെ മിനിമം കൂലി.

ശ്രീമതി റോസമ്മചാക്കോ :

LIBRARY ARCHIVES Kerala Legislative Assembly